## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.494. 02.07.2013 ൽ മറുപടിയ്ക്ക്.

**വാഹനങ്ങളിൽ നമ്പർ പ്ലേറ്റുകൾ പ്രദർശിപ്പിക്കുന്നതിനുള്ള ചട്ടങ്ങൾ**

| ചോദ്യം<br>ശ്രീ. പുരുഷൻ കടലുണ്ടി<br>" പി. കെ. ഗുരുദാസൻ<br>ശ്രീമതി. കെ. എസ്. സലീഖ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) മോട്ടോർ വാഹന നിയമ പ്രകാരം വാഹനങ്ങളിൽ നമ്പർ പ്ലേറ്റുകൾ പ്രദർശിപ്പിക്കുന്ന തിനുള്ള ചട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 50, 51 ന് അനുസൃതമായിട്ടാണ് വാഹനങ്ങളിൽ നമ്പർ പ്ലേറ്റ് പ്രദർശിപ്പിക്കുന്നത്. വാഹനങ്ങളുടെ നമ്പർ പ്ലേറ്റിന്റെ തരംതിരിവിനേയും വലിപ്പത്തേയും സംബന്ധിച്ച് 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടങ്ങൾ 50, 51 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത നിയമങ്ങൾ ലംഘിച്ച് പലയിടങ്ങളിലും വാഹനങ്ങളിൽ നമ്പർപ്ലേറ്റ് പ്രദർശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) എങ്കിൽ ഇത് ഫലപ്രദമായി തടയുന്നതിന് കുറ്റമറ്റരീതിയിലുള്ള പരിശോധനകൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | വാഹന പരിശോധന നടത്തുന്ന അവസരങ്ങളിൽ നമ്പർ പ്ലേറ്റും പരിശോധിക്കാറുണ്ട്. പരിശോധനയിൽ ചട്ടവിരുദ്ധമായിട്ടാണ് നമ്പർപ്ലേറ്റ് പ്രദർശിപ്പിച്ചിട്ടുള്ളത് എന്ന് ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) പൊളിച്ചു മാറ്റിയതും ഉപേക്ഷിക്കപ്പെട്ടതുമായ വാഹനങ്ങളുടെ നമ്പരുകൾ ഉപയോഗിച്ച് വാഹനങ്ങൾ നിരത്തിലോടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ഇല്ല. |

| | | |
|---|---|---|
| ഇ) എങ്കിൽ ഇത്തരത്തിലുള്ള എത്ര കേസുകൾ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ കണ്ടെത്തിയെന്നും ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (ഇ) | ബാധകമല്ല |
| (എഫ്) നിയമവിരുദ്ധമായ രീതിയിൽ നമ്പരുകൾ പ്രദർശിപ്പിച്ച് ഓടുന്ന വാഹനങ്ങൾ കണ്ടെത്തു-ന്നതിനും നടപടി സ്വീകരിക്കുന്നതിനും അടിയന്തിര നിർദ്ദേശം നൽകുമോ ? | (എഫ്) | ഇത്തരം വാഹനങ്ങൾ പരിശോധനയിലൂടെ കണ്ടെത്തുന്ന പക്ഷം നിയമാനസൃതമായ കർശന നടപടികൾ സ്വീകരിക്കുവാൻ ഗതാഗത കമ്മീഷണറും സംസ്ഥാന പോലീസ് മേധാവിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

## വാഹനങ്ങളുടെ നമ്പർ പ്ലേറ്റിന്റെ സ്പെസിഫിക്കേഷൻ

(1) വാഹനത്തിന്റെ രജിസ്ട്രേഷൻ മാർക്ക് വാഹനത്തിന്റെ മുൻപിലും, പുറകിലും വ്യക്തമായി കാണുവാൻ കഴിയുന്ന രീതിയിൽ 30 ഡിഗ്രിയിൽ കൂടുതൽ ചരിവില്ലാത്ത പ്രതലത്തിൽ തിരശ്ചീനമായി പ്രദർശിപ്പിച്ചിരിക്കണം.

(2) മോട്ടോർ സൈക്കിളുകളിൽ മുൻപിൽ പ്രദർശിപ്പിച്ചിരിക്കുന്ന രജിസ്ട്രേഷൻ മാർക്ക് ഹാൻഡിൽ ബാറിനോ, മഡ്ഗാർഡ് ഉൾപ്പെടെയുള്ള വാഹനത്തിന്റെ ഏതെങ്കിലും ഭാഗത്തോ സമാന്തരമായി പ്രദർശിപ്പിച്ചിരിക്കണം.

(3) ട്രാൻസ്പോർട്ട് വാഹനത്തിന്റെ പുറകിൽ പ്രദർശിപ്പിച്ചിരിക്കുന്ന രജിസ്ട്രേഷൻ മാർക്ക് വലത് വശത്തായി, തറയിൽ നിന്ന് ഒരു മീറ്ററിൽ കൂടാത്ത ഉയരത്തിൽ വേണം പ്രദർശിപ്പിച്ചിരിക്കേണ്ടത്.

(4) ട്രാൻസ്പോർട്ട് വെഹിക്കിളിന്റെ കാര്യത്തിൽ വാഹനത്തിന്റെ ഇടത് വശത്തും, വലത് വശത്തും പ്രദർശിപ്പിച്ചിരിക്കണം.

(5) ഡ്രൈവറെയും, യാത്രക്കാരെയും തമ്മിൽ വേർതിരിക്കുന്ന ഭാഗത്ത് യാത്രക്കാരുടെ സീറ്റിന് അഭിമുഖമായും രജിസ്ട്രേഷൻ നമ്പർ പ്രദർശിപ്പിച്ചിരിക്കണം. എന്നാൽ അത്തരത്തിൽ ഒരു വേർതിരിവ് ഇല്ലായെങ്കിൽ സ്റ്റേജ് കാര്യേജുകളിലും, കോൺട്രാക്ട് കാര്യേജുകളിലും ഡ്രൈവറുടെ സീറ്റിന് ഇടതു വശത്ത് മേൽക്കൂരയ്ക്ക് തൊട്ടടുത്തായി യാത്രക്കാരുടെ സീറ്റിന് അഭിമുഖമായും, ടാക്സി കാബ്, മോട്ടോർ കാബ് എന്നിവയിൽ ഡാഷ്ബോർഡിലും നമ്പർ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

(6) ട്രെയിലറുകളുടെ കാര്യത്തിൽ, ട്രെയിലറുകളെ വലിച്ചുകൊണ്ടുപോകുന്ന വാഹനത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നത് കൂടാതെ ട്രെയിലറിന്റെയോ, ഏറ്റവും അവസാനത്തെ ട്രെയിലറിന്റെയോ പുറകിൽ ഇടത് വശത്തായി നമ്പർ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

(7) രജിസ്ട്രേഷൻ മാർക്ക് രണ്ട് വരികളിലായാണ് പ്രദർശിപ്പിച്ചിരിക്കേണ്ടത്. സ്റ്റേറ്റ് കോഡ്, രജിസ്റ്ററിംഗ് അതോറിറ്റി കോഡ് എന്നിവ ആദ്യത്തെ വരിയിലും, ബാക്കി ഭാഗം രണ്ടാമത്തെ വരിയിലും എന്ന രീതിയിലാണ് പ്രദർശിപ്പിക്കേണ്ടത്. എന്നാൽ മുൻവശത്ത് രജിസ്ട്രേഷൻ മാർക്ക് ഒരു വരിയിൽ തന്നെ പ്രദർശിപ്പിക്കേണ്ടതാണ്.

(8) പുറകിൽ രണ്ട് വരികളിലായി രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യമില്ലാത്ത തരം വാഹനങ്ങളിൽ ഒരു വരിയിൽ രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിച്ചാലും മതിയാകും.

(9) കേന്ദ്ര മോട്ടോർ വാഹന ഭേദഗതി ചട്ടം 1993 നിലവിൽ വന്നതിനു ശേഷമുള്ള മോട്ടോർ കാബ്, മോട്ടോർ കാർ എന്നിവ ഒഴികെയുള്ള എല്ലാ വാഹനങ്ങളിലും, പുറക് വശത്ത് രണ്ട് വരികളിലായി രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കണം.

(10) ലൈറ്റ് മോട്ടോർ വാഹനങ്ങളിൽ രജിസ്ട്രേഷൻ മാർക്ക് തിളക്കമുള്ള അക്ഷരങ്ങളിൽ മദ്ധ്യത്തായി പ്രദർശിപ്പിച്ചിരിക്കണം.

(11) കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന ട്രാക്ടറുകളിൽ രജിസ്ട്രേഷൻ മാർക്ക് 30 ഡിഗ്രിയിൽ കൂടുതൽ ചരിവോടുകൂടി പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല.

(12) കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന ട്രാക്ടർ വലിച്ചുകൊണ്ടു പോകുന്ന അഗ്രികൾച്ചറൽ ട്രെയിലർ അല്ലെങ്കിൽ ട്രെയിലറുകളിൽ രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിക്കണമെന്നില്ല.

ട്രാൻസ്പോർട്ട് വാഹനങ്ങളിൽ മഞ്ഞ പശ്ചാത്തലത്തിൽ കറുത്ത നിറത്തിലും, മറ്റ് വാഹനങ്ങളിൽ വെളുത്ത പശ്ചാത്തലത്തിൽ കറുത്ത നിറത്തിലും രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിച്ചിരിക്കണം.

## വാഹനങ്ങളുടെ നമ്പർ പ്ലേറ്റിന്റെ വലിപ്പം

| ക്രമ നം | വാഹനത്തിന്റെ തരം | | കുറയാത്ത വലുപ്പം (മില്ലിമീറ്റർ) | | |
|---|---|---|---|---|---|
| | | | ഉയരം | വണ്ണം | ഇടയിലുള്ള അകലം |
| 1 | എല്ലാ മോട്ടോർ സൈക്കിളുകളും, മൂന്ന് ചക്രങ്ങളുള്ള ഇൻവാലിഡ് കാര്യേജുകളും | പുറകിലെ അക്ഷരങ്ങൾ | 35 | 7 | 5 |
| 2 | എല്ലാ മോട്ടോർ സൈക്കിളുകളും, മൂന്ന് ചക്രങ്ങളുള്ള ഇൻവാലിഡ് കാര്യേജുകളും | പുറകിലെ അക്കങ്ങൾ | 40 | 7 | 5 |
| 3 | 70 സി.സി യിൽ കുറവ് എഞ്ചിൻ കപ്പാസിറ്റി ഉള്ള മോട്ടോർ സൈക്കിളുകൾ | മുൻവശത്തെ അക്കങ്ങളും, അക്ഷരങ്ങളും | 15 | 2.5 | 2.5 |
| 4 | മറ്റ് മോട്ടോർ സൈക്കിളുകൾ | മുൻവശത്തെ അക്കങ്ങളും, അക്ഷരങ്ങളും | 30 | 5 | 5 |
| 5 | 500 സിസിയിൽ കുറവ് എഞ്ചിൻ കപ്പാസിറ്റിയുള്ള മൂന്ന് ചക്ര വാഹനങ്ങൾ | മുൻവശത്തെയും, പിൻവശത്തെയും അക്കങ്ങളും, അക്ഷരങ്ങളും | 35 | 7 | 5 |
| 6 | 500 സിസിയിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റി ഉള്ള മൂന്ന് ചക്ര വാഹനങ്ങൾ | മുൻവശത്തെയും, പിൻവശത്തെയും അക്കങ്ങളും, അക്ഷരങ്ങളും | 40 | 7 | 5 |
| 7 | മറ്റെല്ലാ മോട്ടോർ വാഹനങ്ങളും | മുൻവശത്തെയും, പിൻവശത്തെയും അക്കങ്ങളും, അക്ഷരങ്ങളും | 65 | 10 | 10 |

സെക്ഷൻ ഓഫീസർ.